ന്യ. ഇല്ല, രാജികാരണംകൊണ്ടും അവയെപ്പറ്റിയുള്ള റിപ്പോർട്ടുകാരണം കൊണ്ടും സ്വീകരിക്കണമെന്നു തോന്നിയില്ല.

ൻ-ാം ചോദ്യവും അതിന്റെ മറുപടിയുംകൂടി നോക്കുക.

ഒ. (ക) വലിയപറമ്പിൽ കയ്യാരി ബാപ്പു.
(ഖ) കട്ടിക്കാട്ട അവസ്തീഞ്ഞ് യാക്കോ.
(ഗ) എ.ലഞ്ഞിക്കൽ ഗോവിന്ദൻ ഗോവിന്ദൻ.
(ഘ) പാലയത്ത് തയ്യിൽ വറ്റീസ്സ് ജോസഫ്.

വ. രാജി സ്വീകരിച്ചിട്ടില്ല.

ൻ. ഉണ്ട്.

ഛ. ഇതിനെപ്പറ്റിയുള്ള എഴുത്തുകുത്തുകാരം വളരെ ഉള്ളതുകൊണ്ടു സാധിക്കുന്നതല്ല.

ഛഛ. ഇല്ല.

ഛഖ, ഛഗ, ഛഘ. ഉത്തരം ആവശ്യമില്ല.

Chellanam Panchayat—Removal and Nomination of Members.

ഛഠ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ:—

ക. ചെല്ലാനം പഞ്ചായത്തിലെ ഒരു നോമിനേറ്റഡ് മെമ്പറായ മിസ്റ്റർ ഗോവിന്ദൻ മൂപ്പനെ തുടർച്ചയായി നാലഞ്ചു പഞ്ചായത്തുയോഗങ്ങളിൽ ഹാജരാകാതിരുന്നതിനാൽ അദ്ദേഹത്തെ ഒഴിവാക്കി തൽസ്ഥാനത്തു പ്രസ്തുത പഞ്ചായത്തിലെ ചിറ സംരക്ഷണ കരാറുകാരനായ സേവിയർ എന്ന ഒരാളെ നോമിനേറ്റു ചെയ്യാൻ തൈക്കെ ഡിവിഷൻ പഞ്ചായത്തു് ഇൻസ്പെക്ടർ അവർകളും പഞ്ചായത്തു ഡയറക്ടർ അവർകളും റിപ്പോർട്ടയച്ചിട്ടുണ്ടോ;

ഖ. മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ ഒഴിച്ചുള്ള പ്രസ്തുത പഞ്ചായത്തിലെ മറെറല്ലാമെമ്പർമാരും ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവരല്ലേ;

ഗ. പ്രസ്തുത പഞ്ചായത്തിൽനിന്നു ചില മെമ്പർമാർ മറു ചിലരുടെ നിർബന്ധപ്രകാരമാണെങ്കിലും ഛഛഖ വൃശ്ചികത്തിൽ രാജിപത്രം സമർപ്പിച്ചകാലം മുതൽ ഒഴിവുണ്ടാകുന്ന മെമ്പർസ്ഥാനത്തേക്കു തങ്ങളിൽനിന്നു നോമിനേറ്റു ചെയ്യണമെന്നു കുടുംബിച്ചെട്ടി സമുദായക്കാരുടേയും ഈഴവസമുദായക്കാരുടേയും അപേക്ഷകാരം ഗവമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടോ;

ഘ. ഉണ്ടെങ്കിൽ പ്രസ്തുത പഞ്ചായത്തിൽ തീരെ പ്രാതിനിദ്ധ്യം സിദ്ധിക്കാത്ത മേല്പറഞ്ഞ സമുദായങ്ങളുടെ അപേക്ഷകളെപ്പറ്റി ഗവമ്മെണ്ട് അനുഭാവപൂർവ്വം ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ഉ. പ്രബലന്മാരും മുഷ്കന്മാരുമായ ചിലരെ ഭയന്ന് പഞ്ചായത്ത് യോഗങ്ങളിൽ ഹാജരാകാതിരുന്ന മിസ്റ്റർ ഗോവിന്ദൻ മൂപ്പനെ ഒഴിവാക്കുന്നതായാൽ തൽസ്ഥാനത്തേക്ക് ഈഴവരിൽനിന്നോ കുടുംബിച്ചെട്ടികളിൽനിന്നോ അവരുടെ അപേക്ഷയനുസരിച്ചും കഴിഞ്ഞ നിയമസഭയിൽവെച്ച് ഗവർമ്മെണ്ടു ചെയ്ത പ്രസ്താവനയനുസരിച്ചും നോമിനേറു ചെയ്യാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ;

ന. ഇപ്പോൾ നോമിനേറു ചെയ്യാൻ പഞ്ചായത്ത് ഇൻസ്പെക്ടർ ശുപാർശചെയ്തിട്ടുള്ളതായി പറയപ്പെടുന്ന മിസ്റ്റർ സേവിയറെപ്പറ്റിയല്ലെ രാജിപത്രം സമർപ്പിച്ച പഞ്ചായത്തു മെമ്പർമാർ തങ്ങളെ ഭയപ്പെടുത്തി,നിർബന്ധിച്ചു, അന്യായമായ തടങ്കൽ ചെയ്തു എന്നൊല്ലാം പഞ്ചായത്തിലും പഞ്ചായത്തു ഡയറക്ടരവർകൾ മുമ്പാകേയും ആക്ഷേപിച്ചിട്ടുള്ളതു;

ഒ. മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ ഒഴികെയുള്ള മറെറല്ലാ മെമ്പർമാരും ക്രസ്ത്യാനികളായിരിക്കെ ഒഴിഞ്ഞുപോകുന്നതോ പിരിച്ചയക്കുന്നതോ ആയ മെമ്പർ മിസ്റ്റർ ഗോവിന്ദനു പകരം ക്രസ്ത്യൻ സമുദായത്തിൽ നിന്നു തന്നെ ഒരാളെ നോമിനേറു ചെയ്യാൻ പഞ്ചായത്തു ഇൻസ്പെക്ടർ ശുപാർശചെയ്യാൻ വല്ല പ്രത്യേക കാരണവുമുണ്ടോ, ഉണ്ടെങ്കിൽ അവകൾ എന്തെല്ലാം?

ഡോക്ടർ എ. ആർ. പുതുവാൾ (*Off. Director of Public Health and Panchayats*).—

മിസ്റ്റർ ഗോവിന്ദൻ മൂപ്പനെ പഞ്ചായത്തു യോഗങ്ങളിൽ ക്രമമായി ഹാജരാകാത്ത കാരണത്താൽ മെമ്പർസ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ട്. പഞ്ചായത്തു് ഇൻസ്പെക്ടരുടെ റിപ്പോർട്ടിൽ അടങ്ങീട്ടുള്ള സംഗതികൾ പറയുന്നതിനു നിവൃത്തിയില്ല.

ഉ. അതെ.

ന. ഉണ്ട്.

ര. ഉണ്ട്.

ഉ. കുടുംബിച്ചെട്ടി സമുദായത്തിൽനിന്നും മരവട്ടിക്കൽ മിസ്റ്റർ മാത്തുബത്തുവിനെ നോമിനേറു ചെയ്തു. പക്ഷെ അദ്ദേഹത്തിനു പഞ്ചായത്തു മെമ്പറായിരിക്കാൻ സമ്മതമില്ലായ്കയാൽ ആ നോമിനേഷൻ റദ്ദ് ചെയ്തു. വേറെ ഒരാളെ നോമിനേറു ചെയ്യുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു.

ന. മിസ്റ്റർ സേവിയറെപ്പറ്റിയും ആക്ഷേപിച്ചിട്ടുണ്ട്.

ഒ. ഒന്നാം ചോദ്യത്തിനുത്തരം നോക്കുക.

LIBRARY ARCHIVES Kerala Legislative Assembly